ഇംഗ്ലീഷ്

അയിരത്തി തൊള്ളായിരത്തി എഴുപത്തിയഞ്ചാം ആണ്ട്, ഉസിയാൻകുട്ടിയുടെ കട നോക്ക്കുത്തി പോലെ ആ നാൽക്കവലയുടെ ഹൃദയഭാഗത്തേക്ക് തള്ളി, പൊങ്ങൻ ചന്ദ്രന്റെ മുന്നോട്ട് ഉന്തിയ പല്ലുപോൽ!

ഉസിയാൻകുട്ടി സാധാരണ ഗർജ്ജിക്കില്ല, രോഷാകുലനാകില്ല, സ്നേഹിക്കില്ല, ഐച്ഛീക വിഷയം ഓരോ നിമിഷവും എങ്ങനെ സമ്പത്ത് വലിച്ച് കൂട്ടാം എന്നതാണ്!? പൈസാ....പൈസാ.....പൈസാ.... അത് തന്നെ അവന്റെ നോട്ടത്തിലും, നടപ്പിലും, ഇരുപ്പിലുമൊക്കെ!

ഏതോ ഭീകര ജീവിയുടെ പ്രകൃതം ജനിപ്പിക്കുന്ന തോന്നലാണ് ഉസിയാനെ കാണുമ്പോൾ സാജുവിൽ ഉണരുക! കറുത്ത് ചീർത്ത പൊന്തൻ കൈകാലുകൾ.....കറുത്ത വർഗ്ഗക്കാരുടെ തടിച്ച് കൊഴുത്ത് തൂങ്ങിയ ചുണ്ട്....തെങ്ങിൻ കൊതുമ്പ് പോലത്തെ മീശ.....ഹെൽമറ്റ് കമഴ്ത്തിയ പൊലുള്ള കാപ്പിരി മുടി....ഉസിയാൻ, അവൻ ആരോഗ്യ ദൃഢഗാത്രൻ....ആ നാൽക്കവലയിൽ അവനോട് ചങ്ങാത്തം ഒര് ജീവിക്കുപോലും ഇല്ല!

പലചരക്ക്, പുകയില, ബീഡി, തീപ്പെട്ടി, പടക്കം എന്ന് വേണ്ട.... എല്ലാ ഇനവും കിട്ടുന്ന ആ നാട്ടിലെ ഒരേ ഒര് കട! പഴമയും പെരുമയും അറിയിച്ചുകൊണ്ടോര് ബഞ്ച് ആ കടയുടെ വരാന്തയിൽ, അതിൽ ഇരുന്നും, ഉറക്കം തൂങ്ങിയും ഒര് പറ്റം ചുമട്ട്കാർ. ചുമട്ട്കാരുടെ കേളീകേന്ദ്രമായ ആ നാൽക്കവലയിൽ ഉസിയാന്റെ പൊങ്ങച്ചവും, ലുബ്ധും ചർച്ചാവിഷയം തന്നെ.

അന്ന്....ചാററൽ മഴയുള്ള ഉച്ചനേരം, സാജുവിന്റെ ദൃഷ്ടിയിൽ ഉസിയാന്റെ കട പ്രത്യക്ഷപെട്ടപ്പോൾ, അതാ, ടെലഫോൺ കമ്പി പോലൊര് ലൈൻ കടക്കുള്ളിൽ നിന്നും ആ നാൽക്കവല മുറിച്ച് മറുവശത്തേക്ക് പോകുന്നു! മുന്നിലേക്ക് ഓടി എത്തിയ സാജു തിരിച്ചറിഞ്ഞു കടയിലെ ചണനൂൽ റോളിൽ നിന്നും മറുസൈഡിലേക്ക് ഓടുന്ന ചുമട്ടുകാരൻ ഭാസ്ക്കരനൊപ്പം ചണനൂൽ നീട്ടി വലിക്കപ്പെടുന്നത് മുരട്ട് കാളയേപ്പോലെ നോക്കി നിൽക്കുന്ന ഉസിയാനെ!! അവൻ ചിരി അടക്കാൻ ശ്രമിച്ച്കൊണ്ട് മറുവശം നോക്കി?!!

തുലാമഴയുടെ ഇടിവെട്ടൽ പോലൊര് ശബ്ദം കടയ്ക്കുള്ളിൽ നിന്ന് ?!! “ പാക്കരാ..... എടാ പാക്കരാ....?!!”
“പര നാറീ...?!
തൂക്കി ഇട്ടിരിക്കുന്ന വിൽപന ചരക്കുകളുടെ ഇടയിലൂടെ തീപന്തം പോലത്തെ രണ്ട് കണ്ണുകൾ!
സാജുവിന് ചുരുങ്ങിപ്പോകുംപോലൊര് തോന്നൽ!
ഭാസ്ക്കരൻ തിരിഞ്ഞ് നോക്കിയപ്പോ തന്റെ തുണിതുമ്പിൽ കെട്ടിയിട്ടിരിക്കുന്ന ചണനൂൽ അവനോടൊപ്പം! അബദ്ധം തിരിച്ചറിഞ്ഞപ്പോ അവൻ ഉടുതുണി പറിച്ച് രണ്ട് കുടച്ചിൽ!!

ഭാസ്ക്കരന്റെ അഡൽസ് ഒള്ളീ ( adults only) കണ്ട് നാൽക്കവലയിൽ ഉണ്ടായിരുന്നവർ ചിരി തുടങ്ങി. സാധാരണ ചുമടുമായ് അവൻ ബസ്സിന്റെ മുകളിൽ കയറുമ്പോൾ മാത്രം

കാണുന്ന ആ അഗ്ജ്ഞാത ലോകവും അതിലെ കുറ്റിച്ചെടികളും, മരങ്ങളും, ഉണ്ടക്കല്ലുകളും മറ്റും എല്ലാവർക്കും എളുപ്പത്തിൽ തുറക്കപ്പെട്ടു. അവൻ തീവ്രമായി കുടഞ്ഞിട്ടും, ചണനൂൽ വിട്ട് പോയില്ല. സൂക്ഷിച്ച് നിരീക്ഷിച്ചപ്പോ മനസ്സിലായി തന്റെ തുണിത്തുമ്പിൽ ആരോ ചണനൂൽ കടുംകെട്ട് ഇട്ട് വച്ചിരിക്കുന്നു! ഉസിയാന്റെ ബഞ്ചിൽ ഉച്ചമയക്കം കൊണ്ടപ്പോ ആരോ കൊടുത്ത പണി.
ഉറങ്ങിക്കിടന്ന ഭാസ്ക്കരനെ നാൽക്കവലയുടെ മറുകരെ നിന്ന് ഒരുപറ്റം ചുമട്ട്കാർ കൈകൊട്ടി വിളിച്ചൂ....
"പാക്കരാ പാക്കരാ...."
" എടാ പാക്കരാ...."
" വേഗം വാടാ പാക്കരാ...... ലോഡ് വന്നടാ"
"പാക്കരാ."
നല്ല മയക്കത്തിലാണ്ട ഭാസ്ക്കരൻ, ഞെട്ടി എണീറ്റ് തലയിൽ വട്ടം ചുറ്റിയിരുന്ന ചുവന്ന തുണിക്ഷണം ഇളക്കിപ്പറിച്ച് ഇടത് കൈയ്യിൽ പിടിച്ച് വിളി വന്ന ഭാഗത്തേക്ക് ഒരോട്ടം. കടയിലെ വലിയ ചണനൂല്റോൾ അതിവേഗത്തിൽ കറങ്ങിയ ശബ്ദത്തിൽ, ഉച്ച ഊണ് കഴിഞ്ഞ് മയക്കത്തിലായിരുന്ന ഉസിയാൻകുട്ടി ചാടി എണീറ്റൂ. ചണനൂല് ആ നാൽക്കവലയ്ക്ക് മധ്യത്തിലൂടെ നീട്ടി വലിച്ച കമ്പിപോലെ!

ചതി തിരിച്ചറിഞ്ഞ ഭാസ്ക്കരൻ ചണനൂല് പൊട്ടിച്ച് വിട്ടു. ഉസിയാൻകുട്ടി അതിവേഗത്തിൽ സർവ ശക്തിയും ഉപയോഗിച്ച് ചണനൂൽ തിരികെ കറക്കി, പാഞ്ഞ് വന്ന കണ്ണൂർ എക്സ്പ്രസ്സിന്റെ അമർത്തലിൽ ചണനൂല്, ടിം.! കടയിൽനിന്ന് ചാടി ഇറങ്ങി പൊട്ടി നിലത്ത് വീണ കഷണം ഉസിയാൻ വലിച്ചെടുക്കുന്ന രംഗം എല്ലാവരും വീക്ഷിച്ച് ചിരിതൂകി. പൊടിമഴയിൽ നനഞ്ഞ ചണനൂലിന് തൊട്ടടുത്ത ചായക്കടയിൽ പിള്ളേച്ചൻ നീട്ടി അടിക്കുന്ന ചായയുടെ നീളമാണന്ന് സാജൂ തരിച്ചറിഞ്ഞു. മറുവശത്ത് നിന്നിരുന്ന ചുമട്ട് തൊഴിലാളികൾ ആർത്ത് ചിരിച്ചൂ. എല്ലാം മറന്നു ഭാസ്ക്കരനും അവരോടൊപ്പം കൂടി. അവരെ രോഷത്തോടെ നോക്കി നിന്ന ഉസിയാനെ കണ്ട് സാജൂ വിറച്ചൂ..!!

ഉസിയാൻ മൂന്ന് കിലോമീറ്റർ അകലെയുള്ള അവന്റെ വീട്ടിൽ നിന്നും അതിരാവിലെ ആറ് നിലയുള്ള ചോറ്റ്പാത്രവും തൂക്കി, ചാർമിനാർ സിഗരറ്റും പുകച്ച്, തുരുമ്പിച്ച റാലീ സൈക്കളിലാണു് കടതുറക്കാൻ എത്തുന്നത്. ഒര് കാലത്ത് നാട്ടുകാര് അവനെ 'കൊക്കോക്കുട്ടിയെന്നും' വിളിച്ചിരുന്നു. ധാരാളം കൃഷിയിടം ഉണ്ടായിരുന്ന ഉസിയാൻകുട്ടി അതിൽ നാല് ഏക്കറിൽ കൊക്കോ കൃഷി ചെയ്തു. പുലരും മുമ്പേ ഉണർന്ന്, നാല് ഹോഴ്സ്പവ്വറുള്ള മോട്ടർ കൊണ്ട് കൊക്കോ നനച്ച്, ആഴ്ചയിൽ രണ്ടു ദിവസം പഴുത്ത കായ്കൾ ശേഖരിച്ച് വില്ക്കും. നല്ല വിലയുള്ള കാലത്ത് അയൽക്കാരന്റെ തോട്ടത്തിൽ വെളുക്കും മുമ്പേ കയറി പഴുത്ത കായ്കൾ ശേഖരിച്ച് തന്റെ സമ്പത്ത് കൂട്ടാനും മറന്നില്ല! ഒര് വെളുപ്പാങ്കാലത്ത് അയലത്തെ തോട്ടത്തിന്റെ ഉടമ കൈയ്യോടെ അവനെ പിടികൂടി..... അങ്ങനെ 'കൊക്കോക്കുട്ടി' എന്ന സൽപ്പേര് തെരുവിലും, തെരുവക്കാട്ടിലും, വയലിലും, നാൽക്കവലയിലും പതിയിരുന്ന് നാട്ടുകാർ വിളിച്ചു തുടങ്ങി. സത്യം പറഞ്ഞാൽ അറുത്ത കൈയ്ക്ക് ഉപ്പ് തേയ്ക്കാത്തവൻ ഉസിയാൻകുട്ടി... അല്ല കൊക്കോക്കുട്ടി...!

സാജുവിന് പതിനൊന്ന് വയസ്, ഒരു ദിവസം പള്ളിക്കൂടത്തിൽ പോകുന്ന നേരം, തെങ്ങു കയറ്റക്കാരൻ പൈലിയുടെ ഉടുമുണ്ടുമായ് വിടർന്ന കണ്ണുകളോടെ കടവരാന്തയിൽ അതാ നിൽക്കുന്നു ഉസിയാൻകുട്ടി?! തന്നോടൊപ്പം നടന്നുകൊണ്ടിരുന്ന സഹോദരിമാരുടെ കഴുത്തിനിടയിലൂടെ സൂക്ഷിച്ചു നോക്കിയപ്പോൾ കണ്ടത് ദയനീയം. കൗപീനം കെട്ടി രണ്ടു

കൈകളും അസ്ഥാനത്ത് തിരുകി, ചന്തി ഒര് കോണിൽ താങ്ങി വളഞ്ഞ് കൂടുന്ന പൈലിയെ! ആ നാട്ടിലെ തെങ്ങുകൾ കയറുന്ന, നാടിന്റെ, നാട്ടാരുടെ പൈലി. എന്നും ഒരുപാട് ഉയരങ്ങൾ താണ്ടുന്ന പൈലി.... ഉസിയാനെക്കാൾ തന്റെ നാടിനെ ഉയരങ്ങളിൽ നിന്നും കണ്ടറിഞ്ഞവൻ.... എന്തേ ഉസിയാന്റെ മുന്നിൽ നിസ്സഹായനായത്?! അവന്റെ കാൽച്ചുവട്ടിൽ ചിതറി വീണ അരിയും നോക്കി, ഒന്നും മനസിലാവാതെ സാജു നടന്നകന്നു.

നാലു ദിവസം കഴിഞ്ഞ് അയൽവക്കത്തെ മുരളിച്ചേട്ടൻ അപ്പനോട് പറയുന്നത് കേട്ടപ്പോഴാണു സാജുവിനു പിടികിട്ടിയത്, പാവം പൈലി നഗ്നനാക്കപ്പെട്ടത് എങ്ങനെയെന്ന്!

കർക്കിടകമാസത്തെ തോരാത്ത മഴയിൽ, തെങ്ങു കയറ്റം പറ്റാതായി. കൂടാതെ കഠിനമായ പനിമൂലം പൈലി ഒരാഴ്ച കിടപ്പിലായി. ഭാര്യയുടെയും, കുഞ്ഞുങ്ങളുടെയും നിസ്സഹായവസ്ഥ കണ്ടു മടുത്തപ്പോൾ, വിറച്ചു തുള്ളിയാണെങ്കിലും ഉസിയാൻകുട്ടിയുടെ കടവരെ എത്തി രണ്ടു കിലോ അരി തൂക്കി വാങ്ങി. അരി കിട്ടിയ സന്തോഷത്തിൽ തിരികെ നടക്കാൻ തുടങ്ങിക്കൊണ്ട് പൈലി പറഞ്ഞു, " ഇതിന്റെ കാശ് നാളെത്തരാം." ഉസിയാന് അത് തീരെ സുഖിച്ചില്ല, ചാടി വരാന്തയിലേക്കു ഇറങ്ങിക്കൊണ്ടു, "നിൽക്കെടാ അവിടെ, കാശ് തന്നിട്ടു പോയാൽ മതിയെടാ." പുറകെ ചീറ്റിക്കൊണ്ട് എത്തിയ ഉസിയാനു കിട്ടിയത്, ബീഡിത്തീ വീണു തുളകളാൽ അലങ്കൃതമായ ഉടുമുണ്ടിന്റെ അറ്റം. പനിമൂലം വിറങ്ങലിച്ചു നിന്ന പൈലി രണ്ട് വട്ടം കറങ്ങി നഗ്നനായി!! കൈയ്യിലിരുന്ന അരിക്കെട്ട് താഴേയ്ക്ക്! ഉറഞ്ഞു തുള്ളിയ ഉസിയാൻ വിറക
യ്ക്കുന്ന ചുണ്ടുമായ്. മണിയൻ പൂച്ചയുടെ കൈയ്യിലകപ്പെട്ട ചിന്നൻ ചുണ്ടെലി പൈലി!!

പാഞ്ചാലി വസ്ത്രാക്ഷേപം ഇതിലും താഴെയെന്ന അത്ഭുത മുഖഭാവവുമായ് കഥകളി ആശാൻ കുഞ്ഞിക്കുട്ടൻ നാൽക്കവലയിൽ മൈൽക്കുറ്റിപോലെ..?!

ഉസിയാന്റെ ഉയർച്ച അസൂയാവഹം! ആ നാൽക്കവലയിൽ ഒര് യോഗം ചേർന്നാൽ, എം. എൽ. എ, മന്ത്രി, ആരെത്തിയാലും, ചുമട്ടുകാരൻ രാഘവൻ ഓടുന്നത് ഉസിയാന്റെ കടയിലേക്കാണ്. നീണ്ട മാലപ്പടക്കം വാങ്ങിച്ച്, കവലയുടെ ഇടത്തെ മൂലയിൽ നിൽക്കുന്ന ഇലക്ട്രിക് പോസ്റ്റിൽ കെട്ടിയിട്ട് തീ കൊളുത്തും. എത്രയെത്ര പടക്കങ്ങൾ, ഗുണ്ടുകൾ, പൂത്തിരികൾ ആ നാടിനു വേണ്ടി പ്രസവിച്ച കടയാണു ഉസിയാന്റേത്!
കാലം മെല്ലെ ആ നാൽക്കവലയിൽ നീങ്ങിയപ്പോൾ, ഉസിയാൻ സമ്പത്തിന്റെ കൊടുമുടി കയറിത്തുടങ്ങി. അങ്ങനെ സാജുവിന്റെ നാട്ടിൽ ആദ്യമായ് മഹീന്ദ്രയുടെ 'ഇന്റർനാഷണൽ' ജീപ്പും എത്തി. അത് വാങ്ങിയത് ഉസിയാൻക്കുട്ടി. ജീപ്പിന്റെ ഡ്രൈവറായി മെലിഞ്ഞ് നീണ്ട തോമാ, പാവം തോമാ, മിടുക്കി എൽസിയുടെ അപ്പൻ തോമ്മാ.

പിന്നീട് ഉസിയാൻ രാവിലെ കടതുറക്കാൻ വരുന്നത് തോമായോടൊപ്പം ജീപ്പിൽ. കട അടയ്ക്കുന്നവരെ തോമാ ജീപ്പോടിക്കും. ജീവിതം സാധാരണക്കാരനു നീറ്റലായ് നീങ്ങിയപ്പോൾ, തോമായോട് ചേർന്നിരുന്നു ഉസിയാൻ ഡ്രൈവിങ്ങു ഒരുവിധം സ്വായത്ത്വമാക്കി.

പൊങ്ങച്ചവും, സമ്പത്തും...ഇതല്ലാതെ മറ്റൊന്നും ഉസിയാനിൽ വളർന്നില്ല. ഒര് ഞായറാഴ്ച ക്രിസ്ത്യാനികളായ അപ്പച്ചൻമാരൊക്കെ ദിവ്യബലി കഴിഞ്ഞ് , പതിവുപോലെ ഇറച്ചിക്കടയിൽ തടിച്ചുകൂടി. ഇറച്ചി വെട്ടുകാരൻ ഉമ്മന്റെ വെട്ടുകത്തി ഉരുളൻ തടിപ്പുറത്തു ഉയർന്ന് താണു. കുറുകെ വയ്ക്കുന്ന രണ്ടു തേക്കിലയുടെ നടുവിലേക്ക്, ഒര് കിലോ

അല്ലെങ്കിൽ രണ്ടു കിലോ രക്തം ഒലിക്കുന്ന ഇറച്ചി. ഓർഡർ അനുസരിച്ചു പണിക്കാരൻ ഇറച്ചി പൊതിഞ്ഞു നിരത്തി. കാശ് കൊടുത്ത് അപ്പച്ചൻമാരു അവരുടെ പൊതികൾ കൊണ്ടുപോയി. ഉസിയാൻ തന്റെ ജീപ്പിൽ തനിയെ എഴുന്നള്ളി രണ്ടു കിലോ ഇറച്ചി വാങ്ങി. കാശ്കൊടുത്ത് മേശക്കരുകിൽ ഇരുന്ന തന്റെ പൊതി എടുത്തപ്പോൾ, ഒട്ടും മറക്കാതെ തൊട്ടടുത്തിരുന്ന ഇറച്ചിപ്പൊതികൂടി കൈക്കലാക്കി ജീപ്പിൽ കയറി. ഒരു ചാർമിനാറു കത്തിച്ചു ജീപ്പു സ്റ്റാർട്ടു ചെയ്തു. ഉമ്മൻ ഓടിയെത്തി കഴുത്തു നീട്ടി തല ജീപ്പിനുള്ളിലാക്കി ഇറച്ചിപ്പൊതികളിലൊന്ന് റാഞ്ചിക്കൊണ്ടു മറുക്കി ചുവന്ന ചുണ്ടും, കൊമ്പൻ മീശയും ഞെരിച്ചമർത്തി ഉസിയാനെ നോക്കി. കൂടി നിന്നിരുന്ന അപ്പച്ചൻമാർക്ക് കാര്യം പിടികിട്ടി. ചാർമിനാറിന്റെ പുക ഊതി മുഖം മറച്ച് ഉസിയാൻ സ്ഥലം വിട്ടു..!

എൺപതുകളിൽ ആ നാൽക്കവലയിൽ ശക്തമായ മദ്യവർജ്ജന പ്രസ്ഥാനം വളർന്നുപൊങ്ങി. പട്ടച്ചാരായവും, കള്ളും സേവിച്ചു, തമ്മിലടിച്ചു ഒരുകൂട് ദിനേശു ബീഡിയും വാങ്ങി, കാലിയായ മടിക്കുത്തുമായ് ഒരുപാട് സാധാരണക്കാരു രാത്രിയിൽ വീടണഞ്ഞു. അവരുടെ വീടുകളിലുള്ളവരുടെ വീർപ്പുമുട്ടൽ ആരും അറിഞ്ഞില്ല. അവർക്കു വേണ്ടി പൊരുതാൻ ആ മദ്യവർജ്ജന സമിതി സമരം തുടങ്ങി. മദ്യവർജ്ജന പ്രസ്ഥാനത്തിന്റെ നേതാക്കൾ, എൻ. പി. മൻമഥൻ, ശ്രീ അഴീക്കോട്, അങ്ങനെ അനേകം പേരുടെ സഹകരണത്തോടെ, ഏതാണ്ട് ഒരു വർഷത്തിനു മേൽ അക്ഷീണ സമരം നടന്നു. അതോടെ സാജുവിന്റെ നാട്ടിലെ പള്ളിക്കൂടം പോലത്തെ കള്ള്ഷാപ്പ് എന്നേയ്ക്കുമായ് അടച്ചു പൂട്ടി. അതിനു ആ സമരസമിതി ഉയർത്തിയ കാരണം കള്ള്ഷാപ്പും, ചാരായക്കടയും, ആരാധനാലയത്തിൽ നിന്നും വേണ്ടത്ര ദൂരം പാലിച്ചില്ല എന്നതാണ്.

ആ മാറ്റംകൊണ്ടു അടിയായതു ഉസിയാനാണ്. കാരണം, പള്ളിക്കൂടം പോലത്തെ ഷാപ്പു കെട്ടിടം അവന്റേതാണ്, മാസ വാടക ആയിരം രൂപ. ഉസിയാനു സഹിക്കാനാവാത്ത തിരുത്തൽവാദം. വരുന്നവരോടും, പോകുന്നവരോടും തന്റെ രോഷം ഞെരുങ്ങിയ ഗംഭീര സ്വരത്തിൽ അവൻ രേഖപ്പെടുത്തി. ആർക്കും അവനോടു അലിവോ, അനുകമ്പയോ തോന്നിയില്ല. ആരെങ്കിലും പത്തോ, അമ്പതോ പൈസാ അവനു ബാക്കി കൊടുക്കാനുണ്ടെങ്കിൽ, തലയിൽ തുണിയിട്ടു പമ്മി..പമ്മി ആ കടയുടെ മുന്നിലൂടെ കടന്ന് പോയി.

പലപ്രാവശ്യം സാജുവിനെ അവന്റെ അപ്പൻ ഉസിയാൻക്കുട്ടിയുടെ കടയിൽനിന്നും സാധനങ്ങൾ കടം വാങ്ങാനായി പറഞ്ഞയച്ചിരുന്നു. അപ്പോഴോക്കെ അവൻ തിരിയെ ചെന്നു കൃത്യമായി കള്ളം പറഞ്ഞതിങ്ങനെ, “ ഉസിയാൻ കടം തരില്ലെന്നു പറഞ്ഞു”. സത്യം പറഞ്ഞാൽ ഒരിക്കൽ പൊലും അവൻ കടം ചോദിച്ചിട്ടില്ല.!

കാലവർഷമായതിനാൽ അപ്പനു പണികൾ തീരെക്കുറവായി. പത്തു കുട്ടികളും, മാതാപിതാക്കളും, വലിയൊരു കുടുംബം, തീറ്റി നിറയ്ക്കാൻ ഒരുപാടു വയറുകൾ! ദാരിദ്ര്യം അസ്തിയിലൂടെ തുളഞ്ഞ് കയറാൻ തുടങ്ങിയപ്പോൾ, ഒര് പുലരിയിൽ സാലി, സാജുവിന്റെ മൂത്ത പെങ്ങൾ, പത്തൊൻപത് വയസ്സുകാരി, അവനെ വിളിച്ചു പറഞ്ഞു; “സാജൂ.... ഞാൻ തരുന്ന ഈ കുറിപ്പു ഉസിയാൻക്കുട്ടിക്ക് കൊണ്ടു കൊടുക്കണം.”

സാജൂ, “ എന്താണിതു ചേച്ചീ ?!”
സാലി, “ അരിയും, കറിക്കുള്ളതും തരാനുള്ള കുറിപ്പാണിത്. “
സാജു, “ ഞാനപ്പോൾ, അവിടെചെന്നു ഒന്നും ചോദിക്കണ്ടല്ലോ!? “

ചിരിക്കുന്നെങ്കിലും സുന്ദരിയായ സാലിയുടെ കണ്ണുകളിൽ സാജു തന്റെ പ്രതിബിംബം ചില്ലിട്ടു തുടങ്ങുന്നതാണു കണ്ടത്....!

സാലി, “ സാജുമോനേ.... നീ ഒന്നും ചോദിക്കേണ്ട, ഈ കുറിപ്പു ഉസിയാനു കൊടുത്താൽ മാത്രം മതി. “

ഇത്തവണ സാജുവിനു കടം വാങ്ങാൻ പോകാതിരിക്കാൻ കഴിഞ്ഞില്ല. പനിയും, ചുമയും ബാധിച്ചു കിടപ്പിലായ അപ്പനെ ഓർത്തു. കടം ചോദിക്കാൻ പോയില്ലെങ്കിൽ, വീട്ടിലെ മറ്റെല്ലാവരുടെയും കണ്ണിൽ അവനെ ചില്ലിട്ടു വച്ചിരിക്കുന്നത് കാണേണ്ടി വരുമെന്ന് ഉറപ്പായപോലെ !
എവിടെന്നോ കൈവന്ന ഉൽസാഹത്തോടെ
ആ കുറിപ്പുമായ് മുറ്റത്തും, പറമ്പിലും, പെരുവഴിയിലും കവിഞ്ഞൊഴുകിയ മഴവെള്ളത്തിലൂടെ അവൻ ഓടി. അഞ്ചു മിനിട്ടു കൊണ്ടു ഉസിയാന്റെ കടയുടെ വരാന്തയിലെത്തി. മഴയിൽ കുതിർന്ന മുടി കാക്ക ചിറകു കുടയുംപോലൊന്നു കുടഞ്ഞു. ചിതറിയ വെള്ളത്തുള്ളികളിലൊന്നു ഉസിയാന്റെ ഇടത്തെ കണ്ണിനു താഴെ, കവിളിൽ പതിച്ച ഉപ്പുകല്ലുപൊലേ ! വിറങ്ങലിച്ച സാജുവിന്റെ പല്ലുകൾ കൂട്ടിയിടിക്കുന്ന ശബ്ദം കേട്ടു ഉസിയാൻ തിരിഞ്ഞു നോക്കി ? ചാർമിനാറിന്റെ കറപുരണ്ട പല്ലും, ചുണ്ടുമായ് അടുത്ത ഇരയെ നോക്കുന്ന ഉസിയാൻ, “ ഹും എന്താ,...എന്തു വേണം ?”
മെറൂൺ കളർ വള്ളിനിക്കർ ധരിച്ച സാജു, വിനയത്തടെ അവന്റെ മുഖത്തേക്കു നോക്കി ! അവന്റെ മനസ്സിൽ പൈലിയുടെ ചിത്രം തെളിഞ്ഞുതുടങ്ങി ! അവൻ ആ ഭീകരരൂപം നാളിതുവരെ അത്രയും അടുത്തു കണ്ടിട്ടില്ല ! ഭയന്നു വിറച്ചെങ്കിലും, ധൈര്യം സംഭരിച്ചു നനഞ്ഞുതുടങ്ങിയ കുറിപ്പു പോക്കറ്റിൽനിന്നും നീല ഞരമ്പു തെളിഞ്ഞുകണ്ട വിളറിയ കൈകൾ കൊണ്ടു ഉസിയാനു നേരെ നീട്ടി.

പത്താം ക്ളാസ്സു മാത്രം പഠിപ്പുള്ള ഉസിയാൻ മനസ്സിലാക്കി കുറിപ്പു ഇംഗ്ളീഷിലാണു എഴുതിയിരിക്കുന്നതെന്ന്?! അവന്റെ പൊങ്ങച്ചവും, തോൽക്കാൻ മനസ്സില്ലാത്ത മനോഭാവവും നിമിത്തം, കണ്ണുകൾ ചുളിച്ചു അതിലേക്കു ആഴ്ന്നിറങ്ങി!

“ ഗുഡ് മോർണിങ്ങ് ഉസിയാൻക്കുട്ടി “
“പ്ളീസ് സെന്റ് ഫോർ കിലോ റൈസ് ആന്റ് വൺ കിലോ പൊട്ടെറ്റൊ വിത്ത് ദിസ് ബോയി. “
“ വി വിൽ പേയൂ നെക്സറ്റ് തേസ്ഡേ. “
“ തായ്ങ്ക യൂ ഫോർ യുവർ ഗുഡ് ഹാർട്ട് . “

ഒരു വിധത്തിൽ കാര്യം ഉസിയാൻ വായിച്ചെടുത്തു. ആ നിമിഷം മുതൽ അവന്റെ മുഖത്തുണ്ടായ ഭാവമാറ്റം സാജുവിനെ അതിശയിപ്പിച്ചു..!! കണ്ണുകൾ മിഴിച്ചൊരു സ്തംഭംപോലെ ഉസിയാനെ നോക്കി അവൻ ..?!

ഉസിയാന്റെ മുഖത്തു ഭൂമിയിലെ എല്ലാ അറിവും , സംസ്ക്കാരവും ഒത്തുകൂടി ചേക്കേറിയതുപൊലെ..?!! ഇംഗ്ളീഷുകുറിപ്പ് വായിച്ചു മനസ്സിലാക്കിയ ഉസിയാൻക്കുട്ടി, എല്ലാം നേടി ലോകത്തിന്റെ നെറുകയിലാണെന്ന ഭാവത്തോടെ, നാൽക്കവലയുടെ നെറുകയിൽ നിന്നുകൊണ്ടു.... “ ആരാണിതു എഴുതിയത്..? “
സാജൂ, “ എന്റെ മൂത്തപെങ്ങൾ !”

ഉസിയാൻ, " അവൾ എന്തു ചെയ്യുന്നു ? "

സാജു, " ഡിഗ്രിക്കു പഠിക്കുവാ !"

മറ്റൊനും ചിന്തിക്കാതെ, ഓക്സഫോഡിൽ പഠനം കഴിഞ്ഞെത്തിയവനെപ്പോലെ, ഉസിയാൻ അരിയും, ഉരുളക്കിഴങ്ങും പൊതിഞ്ഞുകൊടുത്തു!

പെരുവെള്ളത്തിൽ പൊങ്ങുതടിപോലെ സാജു വരുന്നതും കണ്ടുകൊണ്ടു സാലി വീട്ടുമുറ്റത്തു നിൽപ്പുണ്ടായിരുന്നു. തലയിൽ പലചരക്കു സഞ്ചി വച്ചിരുന്നതിനാൽ ആ ഭാരം അവനെ ഒഴുക്കിൽപ്പെട്ടുപോവാതെ വീട്ടുമുറ്റത്തു എത്തിച്ചു ....!!
സാലിയെ കണ്ടനേരം, ക്ഷീണിച്ചു നീരുറവ വററിയ അവന്റെ മുഖത്തു വിരിഞ്ഞ പൂനിലാവിൽ, നടക്കല്ലുപോലെ എടുത്തുകണ്ട പല്ലുകൾ നോക്കി അവളും പഞ്ചിരിതൂകി..!!
അവർ പങ്കുവച്ച ആത്മഗതങ്ങൾ, പെരുവെള്ളത്തിൽ ആരും അറിയാതെ അലിഞ്ഞുചേർന്നു!! അവൾ അവന്റെ തലയിൽനിന്നും സഞ്ചി താഴെയിറക്കി.
കാലത്തിനുമപ്പുറം പഴക്കംചെന്ന അവളുടെ ഓറഞ്ചുബ്ളൗസിന്റെ കീറലിൽ അമ്മ വിരിച്ച പഴുതാരത്തുന്നൽ വീണ്ടും ദ്രവിച്ചു തുടങ്ങിയതു അവളറിയാതെ സാജു ശ്രദ്ധിച്ചു. ആ കീറലിലൂടെ അവളുടെ ചന്ദനവയർ നെട്ടല്ലിനോട് ഒട്ടിച്ചു വച്ചപോൽ..!
വയറിൽ നിന്നും അവളുടെ ചിരി കലർന്നു പുറത്തേക്കുവന്ന ശ്വാസത്തിനു വിശപ്പുമാറിയ സൗരഭ്യം, അവന് അതൊരു തിരിച്ചറിവുപോലെ..?!
സാജു വീണ്ടും, വീണ്ടും, ചിരിച്ചു...ചിന്തിച്ചു....ആത്മഗതം എന്നോണം.." സാലിക്കു യുവത്വം പൂത്തുലഞ്ഞു തിമിർക്കണ്ട കാലം.....അവളുടെ മുഖത്തു നോക്കി അൽപ്പനേരം അവൻ..?!

അന്ന് ഭക്ഷണം കഴിക്കവേ, ഉസിയാൻക്കുട്ടി പീഡിപ്പിച്ച ആ നാട്ടിലെ സാധാരണക്കാരുടെ ആഹാരത്തിന്റെ രുചിയും....ഓക്സ്ഫോഡിൽ നിന്നും പഠനം കഴിഞ്ഞെത്തിയവന്റെ ഇംഗ്ളീഷു ചുവയും സാജൂവിനു പകർന്നുകിട്ടി! ഓടിപ്പോയി ആ നാൽക്കവലയിൽ ഒന്നു ചിരിച്ചോണ്ടുനിൽക്കാൻ അവൻ കൊതിച്ചുപോയി....!!!

മാത്യു ജോർജ്ജ്